**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2525300 , 2332120, 2338487

**വിജ്ഞാപനം**

**KEAM -2025**

**ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS],യുനാനി[BUMS] കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസരം-**

**അക്കാദമിക് യോഗ്യത മാനദണ്ഡത്തിൽ ഇളവ് വരുത്തിയിരിക്കുന്നു.**

2025-26 അധ്യയന വർഷത്തെ ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS],യുനാനി[BUMS] കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **03.11.2025, 11.59 PM** വരെ ലഭ്യമാണ്. 21.08.2025 ലെ NCISM വിജ്ഞാപനം പ്രകാരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ 10+2 പാസ്സായ വിദ്യാർത്ഥികൾക്കും ഈ അവസരത്തിൽ അപേക്ഷ നൽകാനാകും. മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം നിലവിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനാണ് സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടത്തുന്നത്. മൂന്നാം റൗണ്ട് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ പിന്നീട് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മുൻ അലോട്ട്മെന്റുകളെ ബാധിക്കാത്ത രീതിയിലാകും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് ഈ കാര്യാലയം നടത്തുന്നത്.

KEAM-2025 വഴി പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന **'KEAM 2025-Online Application'** എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ നടത്തി പ്രോസ്പെക്ടസ് ക്ലോസ് 7.4 ൽ പ്രതിപാദിക്കുന്ന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന അക്നോളഡ്ജ്മെന്റ് പേജിന്റെ പ്രിന്റൗട്ട് അപേക്ഷകർ സൂക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട്, മറ്റ് രേഖകൾ എന്നിവ പ്രവേശന

പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1. *KEAM 2025 പ്രവേശന പരീക്ഷകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ആദ്യ ഘട്ടങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പുതിയ അപേക്ഷകൾ സമർപ്പിക്കാൻ പാടില്ല. KEAM 2025 പ്രോസ്പെക്ടസ് വ്യവസ്ഥകൾ അനുസരിച്ച് **ഒന്നിലധികം അപേക്ഷകൾ കാൻഡിഡേച്ചർ റദ്ദാക്കുന്നതിന്** കാരണമാകും.*
2. *വിവിധ റിസർവേഷൻ കാറ്റഗറി സീറ്റുകളിലേക്കുള്ള പ്രവേശനത്തിനോ ഏതെങ്കിലും വരുമാനം അടിസ്ഥാനമാക്കിയുള്ള ഫീസ് ഇളവുകൾക്കോ വേണ്ടി പരിഗണിക്കാൻ ആഗ്രഹിക്കുന്ന പുതിയ അപേക്ഷകർ, ഓൺലൈൻ അപേക്ഷയ്ക്കൊപ്പം ആവശ്യമായ അനുബന്ധ രേഖകൾ(കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, **സംസ്ഥാന വിദ്യാഭ്യാസ ആവശ്യത്തിനുള്ള** നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ്, EWS സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്) സംവരണത്തിനോ ഫീസ് ഇളവിനോ വേണ്ടിയുള്ള ക്ലെയിമുകൾ സാധൂകരിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈൻ അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ടതാണ്. ഒരു സാഹചര്യത്തിലും പിന്നീട് അനുബന്ധ രേഖകൾ സമർപ്പിക്കാൻ അവസരമുണ്ടാകില്ല. സംവരണ സീറ്റിലെക് അപേക്ഷിക്കുന്ന പുതിയ അപേക്ഷകരെ* മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ലഭ്യമായ സംവരണ സീറ്റിലെക് മാത്രമേ പരിഗണിക്കു.

പുതിയ അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികളും അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് **20.02.2025 ലെ വിജ്ഞാപനങ്ങളിലെ** വ്യവസ്ഥകൾ, സമർപ്പിക്കുന്ന രേഖകൾ എന്നിവയും, **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ &മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള സർക്കാർ അംഗീകൃത പ്രോസ്പെക്ടസും പരിശോധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
31.10.2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun S Nair
Date: 31-10-2025 17:30:11